## പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1849 — 15.07.2016 -ന് മറുപടിയ്ക്ക്

## വായ്പക്കാർക്ക് ഇൻഷ്വറൻസ് പരിരക്ഷ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ നായർ | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി - പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| എ) | പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ വായ്പയുടെ പലിശ നിരക്ക് മറ്റ് ബാങ്കിംഗ് സ്ഥാപനങ്ങളുടെ പലിശ നിരക്കിനനുസൃതമായി കുറയ്ക്കുന്നതിന് നിർദ്ദേശം നൽകാൻ സർക്കാർ ആലോചിച്ചിട്ടുണ്ടോ; | എ) | മറ്റ് ബാങ്കിംഗ് സ്ഥാപനങ്ങളെ അപേക്ഷിച്ച് പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ നടപ്പിലാക്കുന്ന വായ്പകൾക്ക് നിലവിൽ കുറഞ്ഞ പലിശ നിരക്കാണ് ഈടാക്കുന്നത്. ഈ സാഹചര്യത്തിൽ പലിശ നിരക്ക് കുറയ്ക്കുന്ന വിഷയം പരിഗണനയിലില്ല. |
| ബി) | ടി കോർപ്പറേഷനിലെ വായ്പക്കാരിൽ മരണമടഞ്ഞവർ, മാറാരോഗം ബാധിച്ചവർ എന്നിവർ മൂലമുള്ള വായ്പാ ബാദ്ധ്യത ഏറിവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | ടി കോർപ്പറേഷനിലെ വായ്പക്കാർക്ക്, ഇൻഷുറൻസ് പരിരക്ഷ വിഹിതം, വായ്പയോടൊപ്പം സ്വീകരിച്ച് വായ്പക്കാർക്ക് ഉണ്ടാകുന്ന ആകസ്മിക ദുരന്തത്തിൽ നിന്ന് അവരുടെ കുടുംബത്തെ ബാദ്ധ്യതയിൽ നിന്നും രക്ഷിക്കാനുള്ള പദ്ധതി ആവിഷ്കരിക്കുവാൻ കോർപ്പറേഷന് നിർദ്ദേശം നൽകുമോ? | സി) | വായ്പക്കാർ മരണമടയുകയോ മാറാരോഗം ബാധിക്കുകയോ ചെയ്യുന്ന പക്ഷം അത്തരം വായ്പക്കാരുടെ കുടുംബത്തെ സഹായിക്കുന്നതിനായി കോർപ്പറേഷൻ നിലവിൽ " LDRF "പദ്ധതി (Loanees Distress Relief Fund) നടപ്പിലാക്കിവരുന്നു. ഈ പദ്ധതി പ്രകാരം കോർപ്പറേഷനിലെ വായ്പക്കാരിൽ മരണമടഞ്ഞവർ, മാറാരോഗം ബാധിച്ചവർ എന്നിവർക്കുണ്ടാകുന്ന വായ്പാ ബാധ്യത ഇളവ് ചെയ്ത് നൽകുന്നതിന് വ്യവസ്ഥയുണ്ട്. ഈ സാഹചര്യത്തിൽ ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**